# അറിഞ്ഞോ, ആ കുറിഞ്ഞിയും പൂവിട്ടു

Mathrubhumi 23-10-18, P-14

**തൃശ്ശൂർ** ▸ അർധവ്യാഴവട്ടത്തിൽ പൂക്കുന്ന വണ്ടുകുറിഞ്ഞി പൂവിട്ടു. മൂന്നാർ കൊളുക്കുമലയിലാണ് സ്ട്രൊബൈലാന്തസ് ലുറിഡസ് ഇനത്തിലെ കുറിഞ്ഞി പൂത്തത്. കൊളുക്കുമലയിൽ നീലക്കുറിഞ്ഞി പൂവിട്ട മലഞ്ചെരുവിനടുത്തായാണ് ഇരുണ്ട് തവിട്ടുനിറത്തിൽ തിരിപോലെ പൂക്കുലയുള്ള വണ്ടുകുറിഞ്ഞി പൂവിട്ടുതുടങ്ങിയത്. സമുദ്രനിരപ്പിൽനിന്ന് ഏഴായിരം അടി ഉയരത്തിലുള്ള കൊളുക്കുമല തേയിലത്തോട്ടത്തിലേക്കുള്ള വഴിയുടെ ഇരുവശവുമാണ് ഇവ പൂത്തത്.

പച്ചനിറത്തിലുള്ള കായകൾ ഇതളുകളായിമാറി, അതിൽനിന്നാണ് കടുംനീല പൂക്കൾ വിടരുന്നത്. ആറുവർഷത്തിലൊരിക്കൽ പൂവിടുന്ന ഇവ കൊളുക്കുമലയിൽ ആദ്യമായാണ് കാണുന്നത്. പൂവിട്ടുകഴിഞ്ഞാൽ ഒറ്റനോട്ടത്തിൽ വണ്ടിനോടാണ് സാദൃശ്യം തോന്നുക.

കൽക്കുറിഞ്ഞിയെന്നും തൂക്കക്കുറിഞ്ഞിയെന്നും പ്രാദേശികമായി അറിയപ്പെടുന്ന സ്ട്രൊബൈലാന്തസ് ഗ്രാസിലസ് മൂന്നാർ ടോപ് സ്റ്റേഷനടുത്തുള്ള വരയടിയിൽ ഇത്തവണ കണ്ടെത്തിയിരുന്നു. പത്തുവർഷത്തിലൊരിക്കലാണ് ഇവ പൂവിടുന്നത്. മൂന്നുവർഷം കൂടുമ്പോൾ പൂവിടുന്ന കൊടിക്കുറിഞ്ഞിയെന്ന് വിളിക്കുന്ന സ്ട്രൊബൈലാന്തസ് യുർസിയോളാരിസും ടോപ്സ്റ്റേഷനിൽ കണ്ടെത്തി.



▶ കൊളുക്കുമലയിൽ പൂവിട്ട വണ്ടുകുറിഞ്ഞി (സ്ട്രൊബൈലാന്തസ് ലുറിഡസ്)